**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3289 14.03.2018-ൽ മറുപടിക്ക്**

**<u>ട്രോമാകെയർ സംവിധാനം</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീ.വി.ടി.ബൽറാം** | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ട്രോമാകെയർ സംവിധാനത്തിന്റെ അഭാവമാണ് റോഡപകടങ്ങൾ മൂലമുള്ള മരണസംഖ്യ ഉയരുന്നതിന് കാരണമെന്നത് പരിഗണിച്ച് ജില്ലാ, താലൂക്ക് ആശുപത്രി തലം വരെ ട്രോമാ കെയർ സംവിധാനം ഒരുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി ഏതുഘട്ടത്തിലാണ്; | (എ) | ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്ക് ആശുപത്രി, ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ ട്രോമാകെയർ യൂണിറ്റ് സംവിധാനം ലഭ്യമാണ്. കൊല്ലം ജില്ലയിൽ ജില്ലാ ആശുപത്രി, കൊട്ടാരക്കര, നീണ്ടകര താലൂക്ക് ആശുപത്രികളിൽ ട്രോമാകെയർ യൂണിറ്റ് തുടങ്ങുവാൻ നടപടി ആരംഭിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ സർക്കാർ ആശുപത്രിയിൽ ട്രോമാകെയർ സംവിധാനം ആരംഭിക്കുന്നതിനുള്ള ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ് പ്രവർത്തിക്കുന്നു. ചേർത്തല താലൂക്ക് ആശുപത്രി, ജനറൽ ആശുപത്രി, ആലപ്പുഴ കായംകുളം താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ ട്രോമാകെയർ യൂണിറ്റിന്റെ പണികൾ പൂർത്തിയായി വരുന്നു. കായംകുളത്ത് ട്രോമാകെയർ യൂണിറ്റിന് വേണ്ടി സി.ടി.സ്കാൻ സൗകര്യങ്ങൾ ഏർപ്പെടുത്തുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി ആലുവ, താലൂക്ക് ആശുപത്രികളായ അങ്കമാലി, കോതമംഗലം, ജനറൽ ആശുപത്രി മൂവാറ്റുപുഴ എന്നിവിടങ്ങളിൽ ട്രോമാകെയർ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. തൃശ്ശൂർ ജില്ലയിലെ ദേശീയപാതയോട് ചേർന്ന ആശുപത്രികളായ കൊടുങ്ങല്ലൂർ, ചാലക്കുടി, പുതുക്കാട് എന്നീ ആശുപത്രികളിൽ അത്യാഹിത വിഭാഗം പ്രവർത്തിക്കുന്നു. ചാലക്കുടി താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ് ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചാലക്കുടിയിൽ ട്രോമാകെയറിന് വേണ്ടി സി.ടി.സ്കാൻ സൗകര്യവും ഏർപ്പെടുത്താൻ നടപടി തുടങ്ങിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ ട്രോമാകെയർ സംവിധാനം നിലവിലുണ്ട്. കുഴൽമന്ദം സാമൂഹിക ആരോഗ്യകേന്ദ്രം, ആലത്തൂർ താലൂക്ക് ആശുപത്രി എന്നിവിടങ്ങളിലെ ട്രോമാകെയർ സംവിധാനം നടപ്പാക്കാൻ റോഡ് സേഫ്റ്റി അതോറിറ്റിയുടെ ഫണ്ട് ലഭ്യമായിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ താലൂക്ക് ആശുപത്രി കൊയിലാണ്ടിയിൽ ട്രോമാകെയർ യൂണിറ്റ് ആരംഭിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിൽ അപകടങ്ങളിൽ പെട്ടവർക്ക് അടിയന്തിര ചികിത്സാ സഹായം ലഭ്യമാക്കുന്നതിന് നാഷണൽ ഹൈവേയുടെ സമീപത്തുള്ള കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ആധുനിക സൗകര്യങ്ങളുള്ള ട്രോമാകെയർ സെന്റർ തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്. എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും, സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും, താലൂക്ക് ആശുപത്രികളിലും, ജില്ലാ |

| | | | |
|---|---|---|---|
| | | | ആശുപത്രികളിലും, ജനറൽ ആശുപത്രി എന്നിവിടങ്ങളിലും അപകടത്തിൽപെട്ട് വരുന്നവർക്ക് പ്രാഥമിക ചികിത്സ ലഭ്യമാണ്. |
| (ബി) | ആലപ്പുഴ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ കേന്ദ്രപദ്ധതി പ്രകാരമുള്ള ട്രോമാ കെയർ-നാഷണൽ ഹൈവേ സംവിധാനം ആരംഭിച്ചിട്ടുണ്ടോ; ഈ പദ്ധതിക്കായി കേന്ദ്രത്തിൽ നിന്നും എന്ത് തുക ഇതിനകം ലഭിച്ചു;വിശദമാക്കാമോ; | (ബി) | ആലപ്പുഴ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ ട്രോമാകെയർ - നാഷണൽ ഹൈവേസ് എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരമുള്ള ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>കോഴിക്കോട് മെഡിക്കൽ കോളേജിനെ ലെവൽ 1 ട്രോമാകെയർ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ ഒന്നാം ഘട്ട കേന്ദ്രവിഹിതമായി 504 ലക്ഷം രൂപയും അതിനനുസൃതമായി 336 ലക്ഷം രൂപ സംസ്ഥാന വിഹിതവും നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനു വേണ്ടിയുള്ള ഭരണാനുമതി നൽകുകയും, തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.<br>ആലപ്പുഴ മെഡിക്കൽ കോളേജിനെ ലെവൽ 2 ട്രോമാകെയർ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ ഒന്നാംഘട്ട കേന്ദ്രവിഹിതമായി 367.5 ലക്ഷം രൂപയും അതിനനുസൃതമായ സംസ്ഥാന വിഹിതമായി 245 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് കേന്ദ്ര വിഹിതം വിനിയോഗിക്കുന്നതിനു വേണ്ടിയുള്ള ഭരണാനുമതി നൽകുകയും, അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ നാഷണൽ ഹൈവേകളിൽ അപകട സാധ്യത കൂടിയ പ്രദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ട്രോമാ കെയർ സംവിധാനമുള്ള ആംബുലൻസ് സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;വ്യക്തമാക്കാമോ? | (സി) | തൃശ്ശൂർ ജില്ലയിലെ ദേശീയപാതയോട് ചേർന്ന ആശുപത്രികളായ കൊടുങ്ങല്ലൂർ, ചാലക്കുടി, പുതുക്കാട് എന്നീ ആശുപത്രികളിൽ അത്യാഹിതവിഭാഗം പ്രവർത്തിക്കുന്നു. മലപ്പുറം ജില്ലയിൽ അപകടങ്ങളിൽപെട്ടവർക്ക് അടിയന്തിര ചികിത്സാ സഹായം ലഭ്യമാക്കുന്നതിന് നാഷണൽ ഹൈവേയുടെ സമീപത്തുള്ള കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ജില്ലകളിലേയും റോഡ് ട്രാഫിക് ആക്സിഡന്റ് (RTA)/Trauma Golden Hour-നുള്ള ചികിത്സാ ലഭ്യമാക്കുന്നതരത്തിൽ റോഡപകടങ്ങൾക്ക് ഇരയാകുന്ന വരെ സർക്കാർ/സ്വകാര്യ ആശുപത്രികളിൽ എത്തിക്കുന്നതിന് അഗ്രിഗേറ്റ് മോഡൽ ആംബുലൻസ് സംവിധാനം ഏർപ്പെടുത്തുന്നതിലേക്ക് ഏജന്റുമാരെയോ, ഏജൻസികളേയോ തെരഞ്ഞെടുക്കുന്നതിന് കേരളാ മെഡിക്കൽ സർവ്വീസ് കേർപ്പറേഷൻ മുഖാന്തിരം ടെന്റർ നടപടികൾ സർക്കാരിന്റെ 26/12/2017-ലെ സ.ഉ.(സാധാ) 3648/2017 എന്ന ഉത്തരവ് പ്രകാരം കേരളാ മെഡിക്കൽ സർവ്വീസ് കേർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

65